# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1938 | 16.02.2016-ൽ മറുപടിയ്ക്ക്

### ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ദാസൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സാഹചര്യം സംബന്ധിച്ച്അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) നിലവിലെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും, സ്വത്തിനും സംരക്ഷണം ലഭിക്കുന്നുണ്ട്. |
| (ബി) കൊലപാതകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും കവർച്ചയും അഴിമതികളും കുറ്റകൃത്യങ്ങളും വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010 മുതൽ 2015 വരെയുള്ള എൻ.സി.ആർ.ബി.യുടേയും എസ്.സി.ആർ.ബി.യുടേയും കണക്കുകൾ പ്രകാരം കൊലപാതകം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും കവർച്ചയും, അഴിമതികളും, കുറ്റകൃത്യങ്ങളും ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. |
| (സി) പോലീസ് സംവിധാനം കാര്യക്ഷമമാണോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) സംസ്ഥാനത്തെ നിലവിലെ പോലീസ് സംവിധാനം കാര്യക്ഷമമാണ്. |
| (ഡി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നത് തെളിയിക്കുന്നതിലും പോലീസിനെ കാര്യക്ഷമമാക്കുന്നതിലും വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; നിലവിലുള്ള നിയമങ്ങളും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ ? | (ഡി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും പോലീസിനെ കാര്യക്ഷമമാക്കുന്നതിലും വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ മനുഷ്യാവകാശ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ